പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 92 03.12.2018 ൽ മറുപടിക്ക്

## സംസ്ഥാനത്തോട് റെയിൽവെയുടെ അവഗണന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.യു. ആർ. പ്രദീപ്<br>,, വി. ജോയി<br>,, പി.കെ. ശശി<br>,, എം. രാജഗോപാലൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഏറെക്കാലമായി സംസ്ഥാനത്തെ ട്രെയിനുകൾ സമയക്ലിപ്തത പാലിക്കാത്തത് മൂലം യാത്രക്കാർക്കുണ്ടാകുന്ന ദുരിതം കണക്കിലെടുത്ത് അടിയന്തരമായി ഇടപെടാൻ റെയിൽവെയോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; | (എ) | രാജ്യത്ത് ആകെയുള്ള 68 ഡിവിഷനുകളിൽ ട്രെയിൻ സമയക്രമം പാലിക്കുന്നതിൽ ദക്ഷിണറെയിൽവേയ്ക്ക് കീഴിലുള്ള പാലക്കാട് ഡിവിഷൻ 32-ാം സ്ഥാനത്തും തിരുവനന്തപുരം ഡിവിഷൻ 63-ാം സ്ഥാനത്തുമാണ്. തിരുവനന്തപുരം ഡിവിഷനു കീഴിൽനിന്നും സർവ്വീസ് നടത്തുന്ന 100 ട്രെയിനുകളിൽ 45 എണ്ണം മാത്രമാണ് സമയക്രമം പാലിക്കുന്നത്. ട്രെയിനുകൾ അവയ്ക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേഗതയിൽ സർവ്വീസ് നടത്തുന്നതിന് സാധിക്കുന്നില്ല. ആയതിനാൽ മിക്ക ട്രെയിനുകളും മണിക്കൂറിൽ 30 കിലോമീറ്ററിലും താഴെ വേഗത്തിലാണ് സർവ്വീസ് നടത്തുന്നത്. ഇത് ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണ്. ഇത്തരത്തിൽ സമയക്രമം പാലിക്കാത്തതുമൂലം സംസ്ഥാന, കേന്ദ്ര സർക്കാർ, പൊതുമേഖല, സ്വകാര്യ മേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്കും സാധാരണ ജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു.<br>ഉദ്യോഗസ്ഥരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്ഥാനക്കയറ്റം നിർണ്ണയിക്കുക എന്ന കേന്ദ്ര റെയിൽവേ മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ യഥാസമയം ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ ട്രെയിനുകൾ എത്തിച്ചേരാൻ അധികമായി എടുക്കുന്ന സമയത്തെ (Buffer Time) പ്രസ്തുത ട്രെയിനുകൾ എത്തിച്ചേരേണ്ടുന്ന സമയമായി പുന:ക്രമീകരിക്കുക എന്ന കുറുക്കുവഴിയാണ് തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ സ്വീകരിച്ചിരിക്കുന്നത്. അറ്റകുറ്റപണിയുടെയും പാതയിരട്ടിപ്പിക്കലിന്റെയും പേരുപറഞ്ഞാണ് ഇത്തരത്തിലൊരു സമീപനം റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. ഇതിനെതിരായി എം.പിമാരുടെ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തിയിരുന്നു. കൂടാതെ ഇത്തരത്തിൽ അശാസ്ത്രീയവും തെറ്റിദ്ധാരണാജനകവുമായ സമയക്രമ നിർണ്ണയം പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രി 14.06.2018 നും റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 24.06.2018 നും കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയൂഷ് ഗോയലിന് കത്തുകൾ അയച്ചിട്ടുണ്ട്. |
| (ബി) ഭൂമിയുടെ ലഭ്യത ഉറപ്പാക്കിയ പദ്ധതികൾ പോലും നടപ്പാക്കാതെ സംസ്ഥാനത്തോട് റെയിൽവെ കാട്ടുന്ന അവഗണനയ്ക്ക് അറുതി | (ബി) | അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും, ആവശ്യമായ നിക്ഷേപങ്ങൾ ലഭ്യമാകാത്തതു മൂലവും കേരളത്തിലെ റെയിൽവേ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്നു. ചെന്നൈ ആസ്ഥാനമായി മാത്രം സോണൽ ഓഫീസ് ഉള്ളതിനാൽ കേരളത്തിന്റെ പ്രധാന |

| | |
|---|---|
| വരുത്താൻ സംസ്ഥാനത്തിന് പ്രത്യേകമായി റെയിൽവെ സോൺ അനുവദിക്കാൻ വേണ്ട സമ്മർദ്ദം ചെലുത്തുന്നുണ്ടോ; | റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യമാണ് ഉള്ളത്. യഥാകാലം പദ്ധതികൾ നടപ്പിലാക്കുന്നതിനായി സതേൺ റെയിൽവേയുടെ തിരുവനന്തപുരം - പാലക്കാട് ഡിവിഷനുകളെ ചേർത്ത് എറണാകുളം ആസ്ഥാനമായി ഒരു പെനിൻസുലാർ സോൺ രൂപീകരിക്കുന്ന വിഷയവും റെയിൽവേയുടെ ചുമതലയുള്ള മന്ത്രി 19.06.2018, 24.06.2018 തീയതികളിലെ കത്തുകൾ പ്രകാരം ബഹു. പ്രധാനമന്ത്രിയുടെയും റെയിൽവേ മന്ത്രിയുടെയും മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. പെനിൻസുലാർ സോണിൽ കന്യാകുമാരി മുതൽ മംഗലാപുരം വരെയുള്ള റെയിൽവേയുടെ ഭാഗങ്ങൾ ഉൾപ്പെടുത്താവുന്നതാണെന്നും ഈ സോണിന്റെ ആസ്ഥാനത്തിനായി എറണാകുളത്തെ ഹൈക്കോർട്ടിന് സമീപമുള്ള റെയിൽവേ വക 42 ഏക്കർ ഭൂമി വിനിയോഗിക്കണമെന്നും ടി കത്തുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു പ്രത്യേക സോൺ രൂപവൽകരിക്കാനുള്ള സ്ഥിതി വിശേഷം ഇപ്പോൾ ഇല്ല എന്ന നിലപാടാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. |
| (സി) ദശാബ്ദങ്ങൾക്കു മുമ്പ് വാഗ്ദാനം ചെയ്യപ്പെട്ട പാലക്കാട് കോച്ച് ഫാക്ടറിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുത്ത് നൽകിയിട്ട് വർഷങ്ങളായിട്ടും പ്രസ്തുത പദ്ധതി ഉപേക്ഷിക്കാനുള്ള നീക്കത്തിൽ നിന്ന് പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ എന്നറിയിക്കാമോ? | (സി) പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09 ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് മൂന്ന് വർഷം കൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേക്ക് കൈമാറാൻ 28.01.2012 ലെ സ.ഉ (കൈ) നം. 35/2012/റവ പ്രകാരം ഉത്തരവായിരുന്നു. ഇതു കൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർ കൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത ഭൂമി കൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചു വരുമ്പോൾ 230.10 ഏക്കർ മാത്രമേ ഒന്നാം ഘട്ടത്തിൽ ആവശ്യമുള്ളൂവെന്ന് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിക്കുകയും ആയതിൻ പ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വയ്ക്കുകയുണ്ടായി.<br>കഞ്ചിക്കോടിലെ റെയിൽ കോച്ച് ഫാക്ടറി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുവാനായി ബഹു. പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ മന്ത്രിക്കും 19.06.2018, 24.06.2018 തീയതികളിൽ കത്തുകൾ അയയ്ക്കുകയും എം.പിമാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിൽ ഉണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാനുതകുന്നതാണെന്നും ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വാഹമില്ല എന്നും 19.11.2018 ൽ കേന്ദ്ര റെയിൽവേ മന്ത്രി അറിയിച്ചിട്ടുള്ളത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ